"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മൂന്നാർ ഗ്രാമപഞ്ചായത്ത് 9-ാം വാർഡിലെ 545/1,545/2 നമ്പരിലുള്ള കെട്ടിടങ്ങൾ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിനു കീഴിൽ പുതുതായി ആരംഭിക്കുന്ന കണ്ണൻദേവൻ ഹിൽസ് ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി വിട്ടുനൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(കൈ) നം.171/2020/ത.സ്വ.ഭ.വ** 05/11/2020

തീയതി,തിരുവനന്തപുരം,

പരാമർശം:-
1. 20/11/2019 ലെ മൂന്നാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 9(2) നമ്പർ തീരുമാനം.
2. മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.11.2019 ലെ എ2 /6388/19 നമ്പർ അപേക്ഷ.
3. ഇ എസ് ഐ കോർപറേഷൻ അസിസ്റ്റന്റ് ഡയറക്ടറുടെ 03.03.2020 ലെ 54-D.11.14.70.2020.GENL നമ്പർ കത്ത് .
4. 24.07.2020 ലെ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറുടെ എ2/2092/2019 നമ്പർ കത്ത്

**ഉത്തരവ്**

മൂന്നാർ ഗ്രാമപഞ്ചായത്ത് കോളനിയിൽ സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ ഇ.എസ്.ഐ ആശുപത്രി തുടങ്ങുന്നതിന് കെട്ടിടം വിട്ടുനല്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം തീരുമാനം പരിശോധിക്കാൻ സർക്കാരിലേക്ക് അപേക്ഷ നൽകുകയും ചെയ്തു .

ഇടുക്കി ജില്ലയിലെ കണ്ണൻ ദേവൻ ഹിൽസിലെ ഇ.എസ്.ഐ ഡിസ്പെൻസറി മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ ആരംഭിക്കുന്നതിന് ദേവികുളം എം.എൽ.എ, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇ.എസ്.ഐ. കോർപ്പറേഷൻ, റീജിയണൽ ഡയറക്ടർ എന്നിവരുമായി ചേർന്ന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു.

മൂന്നാർ ഗ്രാമ പഞ്ചായത്ത് 9-ാം വാർഡിലെ 545/1, 545/2 നമ്പരിലുള്ള കെട്ടിടങ്ങൾ സൗജന്യമായി ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി വിട്ടുനൽകാമെന്ന് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും എന്നാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് പഞ്ചായത്തിന് വിട്ടുകിട്ടപ്പെട്ട സ്ഥാപനം അല്ലാത്തതുകൊണ്ട് ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ കെട്ടിടം വിട്ടുനൽകുന്നതിന് സർക്കാർ ഉത്തരവ് ആവശ്യമാണെന്ന് പരാമർശം ( 4 ) പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് 9-ാം വാർഡ് (മൂന്നാർ കോളനി) 545/1, 545/2 നമ്പരിലുള്ള കെട്ടിടങ്ങൾ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിനു കീഴിൽ പുതുതായി ആരംഭിക്കുന്ന കണ്ണൻദേവൻ ഹിൽസ് ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനായി വിട്ടുനൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്

അസിസ്റ്റന്റ് ഡയറക്ടർ, ഇ എസ് ഐ കോർപറേഷൻ

റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ ) കേരള, ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ

തൊഴിൽ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ